"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുസർവ്വീസ് രൂപീകരണം - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസ് - ഉദ്യോഗസ്ഥരുടെ നിയമന കാലാവധി ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.628/2021/ത.സ്വ.ഭ.വ — തിരുവനന്തപുരം, തീയതി, 26/02/2021

---

പരാമർശം:
1) സ.ഉ.(സാധാ) നം.570/2018/തസ്വഭവ , തീയതി. 27.02.2018.
2) സ.ഉ.(സാധാ) നം.1809/2020/തസ്വഭവ , തീയതി.01.10.2020.
3) സ.ഉ.(സാധാ) നം.2268/2020/തസ്വഭവ , തീയതി. 03.12.2020
4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.01.2021-ലെ എ/04/2020/പി.ഡി.-എൽ.എസ്.ജി.ഡി നമ്പർ കത്ത്.

## ഉത്തരവ്

പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പരാമർശം (1) പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഇപ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ ചേർക്കുന്ന ജീവനക്കാരുടെ കാലാവധി 27.02.2021 മുതൽ ആറു മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീമതി രശ്മി, വി. - സൂപ്രണ്ട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
2) ശ്രീ. മഹേഷ് ബി. - ഹെഡ് അക്കൗണ്ടന്റ്, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്,

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നവീൻ കൃഷ്ണൻ ജി.ഐ.**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചെയർമാൻ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ, ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ
പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ